# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 376          10-06-2014-ൽ മറുപടിക്ക്

### ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്നുള്ള വൈദ്യുതി കുടിശിക

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>'' റോഷി അഗസ്റ്റിൻ<br>'' പി.സി. ജോർജ് | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാന വൈദ്യുതി ബോർഡിന് ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്ന് കുടിശ്ശിക ഇനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 2014 - ാം മാണ്ട് മാർച്ച് മാസം 31-ാം തീയതിലെ കണക്കു പ്രകാരം ഹൈടെൻഷൻ/ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്നും 1045.23 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള കുടിശ്ശിക എന്തു തുകയായിരുന്നു ; വ്യക്തമാക്കുമോ ;; | (ബി) 2011 - ാം മാണ്ട് ജൂൺമാസം 30-ാം തീയതിലെ കണക്കു പ്രകാരം മേൽ സൂചിപ്പിച്ച തുക 899.53 കോടി രൂപ ആയിരുന്നു. |
| (സി) നിലവിലുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, തവണവ്യവസ്ഥ അനുവദിക്കൽ. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ എന്നീ നടപടികളാണ് സ്വീകരിക്കുന്നത്. ടി നടപടികൾമൂലം കോടതി |

| | | | |
|---|---|---|---|
| | | | വ്യവഹാരത്തിൽ ഉൾപ്പെടാത്ത തുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് |
| (ഡി) | കുടിശ്ശിക ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്ത് തുക പിരിച്ചെടുത്തു ; വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശിക ഇനത്തിൽ 477.98 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് |

സെക്ഷൻ ഓഫീസർ